എന്റെ ഒരാവശ്യം. അതുപോലെതന്നെ മുണ്ടയ്ക്കൽ ഡിവിഷനിൽ കളരി മുനിസിപ്പൽ കോളനിയിൽ സ്ഥിരതാമസക്കാർക്ക് ഭൂമി പതിച്ചുനൽകുന്നതിന് കോർപ്പറേഷൻ വഴി നടപടികൾ പൂർത്തീകരിച്ച് ഗവൺമെന്റിലേക്ക് അയച്ചിട്ടുള്ളതാണ്. അതിന്റെ തീരുമാനം നാളിതുവരെ ആയിട്ടില്ല. ആ പാവങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നടപടി എത്രയും വേഗം പൂർത്തീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വേ നമ്പർ 167/14(3), 167/14(4) എന്നിവയിൽപ്പെട്ട 11.34 ആർ (28 സെന്റ്) സ്ഥലം ബോട്ട് ഇൻലാന്റായി ഏറ്റെടുത്ത് സർക്കാർ പുറമ്പോക്കായി മാറ്റിയിട്ടുള്ളതും

11.14 AM] ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് മൂന്ന് സെന്റ് വീതം അളന്ന് തിരിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പരമാവധി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമിയും പുറമ്പോക്ക് ഭൂമിയും ബോട്ട്-ഇൻ-ലാന്റായി ഏറ്റെടുത്തിട്ടുള്ള ഭൂമിയും പാവപ്പെട്ടവർക്ക് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഭൂമി അളന്ന് തിരിക്കുന്ന നടപടികൾ സ്വീകരിക്കുമ്പോൾ, പല പഞ്ചായത്തുകളിൽനിന്നും മുനിസിപ്പാലിറ്റികളിൽനിന്നും കോർപ്പറേഷനുകളിൽനിന്നും മറ്റും സർക്കാർ കണ്ടെത്തിയ ഭൂമി പൊതു ആവശ്യങ്ങൾക്കുവേണ്ടി വിട്ടുനൽകണമെന്ന ആവശ്യം ഉയർന്നുവന്നിരിക്കുകയാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കുന്നതിനാണ് ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നത്. ഇത്തരത്തിലുള്ള ആവശ്യം പല മേഖലകളിൽ നിന്നും ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ പാവപ്പെട്ടവർക്ക് കൊടുക്കാൻവേണ്ടി മാറ്റി വച്ചിരിക്കുന്ന ഭൂമി പൊതു ആവശ്യത്തിന് നൽകണമെങ്കിൽ അതാത് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ആവശ്യപ്പെടുന്ന ഭൂമിയുടെ മൂന്നിരട്ടി ഭൂമി വാസയോഗ്യമായ ഇടങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങിത്തരുമെങ്കിൽ സർക്കാരിന്റെ കൈവശമുള്ള തന്ത്രപ്രധാനമായ ഭൂമി പൊതുആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്നതാണ്. ഇങ്ങനെ വാങ്ങിത്തരുന്ന ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി മാത്രം ഉപയോഗിക്കുന്നതാണ്. ബഹുമാനപ്പെട്ട എ. എ. അസീസിന്റെ നിയോജകമണ്ഡലമായ കൊല്ലത്ത് കൈവശഭൂമിക്ക് പട്ടയം നൽകണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. ആ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുന്നതാണ്.

## 10. ദേവസ്വം ബോർഡുകളിലെ തെരഞ്ഞെടുപ്പ്

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, മലബാർ ദേവസ്വം ബോർഡിന്റെ കാലാവധി കഴിഞ്ഞിട്ട് 6 മാസമായി. ഇതുവരെ ബോർഡംഗങ്ങളെ

11.16 AM] തെരഞ്ഞെടുത്തിട്ടില്ല. ഇപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ഭരണമാണ് മലബാർ ദേവസ്വം ബോർഡിൽ നടക്കുന്നത്. കൊച്ചി ദേവസ്വം ബോർഡും രൂപീകരിച്ചിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്ക് 3 പേരിൽ 2 മന്ത്രിമാരുടെ പ്രതിനിധികളെ മാത്രമേ തെരഞ്ഞെടുത്തിട്ടുള്ളൂ. എം.എൽ.എ.മാരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധിയായി തെരഞ്ഞെടുക്കേണ്ടത് ഒരു പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളെയാണ്. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വംബോർഡിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാതിനിധ്യമില്ല. കൊച്ചി ദേവസ്വം ബോർഡിലേയും സ്ഥിതി ഇതാണ്. മലബാർ ദേവസ്വം ബോർഡിൽ 9 പേരാണ് ഉള്ളത്. അവിടെ ആരേയും തെരഞ്ഞെടുത്തിട്ടില്ല. വോട്ടവകാശമുള്ളതുകൊണ്ടാണ് 3 അംഗങ്ങൾ എം.എൽ.എ.-മാരുടെ കൂട്ടത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടത്. ദേവസ്വം ബോർഡിലെ ഹിന്ദു എം.എൽ.എ.മാരിൽ ഇടതുപക്ഷത്തിനാണ് ഭൂരിപക്ഷമുള്ളത്. ഭരണപക്ഷത്തിന് ഭൂരിപക്ഷം കിട്ടില്ല എന്നുള്ളതുകൊണ്ടാണ് ആ ഇലക്ഷൻ നടത്താത്തത്. ഇത് എത്ര കാലത്തേക്കാണ് അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകാൻ കഴിയുന്നത്? കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ക്രമപ്രശ്നമായി ഉന്നയിച്ചപ്പോൾ ഉടൻതന്നെ ഇലക്ഷൻ നടത്തുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇതുവരെയും ഇലക്ഷൻ നടത്തിയിട്ടില്ല. മലബാർ ദേവസ്വം ബോർഡും കൊച്ചി ദേവസ്വം ബോർഡും രൂപീകരിക്കാത്തത് ഭരണമുന്നണിയിലെ ഗ്രൂപ്പ് തർക്കം കാരണമാണെന്നാണ് പുറത്തുള്ള വാർത്ത. മുഖ്യമന്ത്രി പറയുന്നത് മുഖ്യമന്ത്രിയുടെ ആളെ നിശ്ചയിക്കണമെന്നും കെ.പി.സി.സി. പ്രസിഡന്റ് പറയുന്നത് കെ.പി.സി.സി. പ്രസിഡന്റിന്റെ ആളെ നിശ്ചയിക്കണമെന്നുമാണ്. കെ.പി.സി.സി. പ്രസിഡന്റും മുഖ്യമന്ത്രിയും തമ്മിലുള്ള തർക്കം കാരണം ദേവസ്വം ബോർഡുകൾ രൂപീകരിക്കുന്നില്ല. ദേവസ്വംബോർഡ് രൂപീകരിക്കാത്തതുകൊണ്ട് ക്ഷേത്രങ്ങളുടെ ഭരണത്തിൽ തികഞ്ഞ അരാജകത്വമാണ് വന്നിരിക്കുന്നത്. ക്ഷേത്രഭരണം ഇപ്പോൾ വർഗ്ഗീയശക്തികൾ നിയന്ത്രിക്കുന്ന അവസ്ഥ വന്നിരിക്കുകയാണ്. ഉത്സവങ്ങൾ നടത്തുന്നതിന് വൻതോതിൽ പണപ്പിരിവ് നടക്കുകയാണ്. പല ക്ഷേത്രങ്ങളിലും ശരിയായ കണക്കുകൾ തന്നെ വയ്ക്കുന്നില്ല. മിച്ചം വരുന്ന തുക ദേവസ്വം ഫണ്ടിലേക്ക് അടയ്ക്കണം. ഇപ്പോൾ ക്ഷേത്രങ്ങളിൽ മിച്ചം വരുന്ന ഫണ്ട് ദേവസ്വം ഫണ്ടിലേക്ക് അടയ്ക്കുന്നില്ല. ദേവസ്വം ബോർഡ് ഇല്ലാത്തതിന്റെ ഫലമായി ക്ഷേത്രങ്ങളോടനുബന്ധിച്ച് വലിയ ധൂർത്താണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അരാജകത്വമാണ് ക്ഷേത്രഭരണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്നത്. ഈ ക്ഷേത്രങ്ങൾക്ക് പുനരുദ്ധാരണ ഫണ്ട് അനുവദിക്കാറുണ്ട്. രണ്ടുവർഷമായി ഈ ഫണ്ട് കൊടുക്കുന്നില്ല. ഫണ്ടൊക്കെ. ലാപ്സായിപ്പോയി എന്നുപറഞ്ഞ് ചെറിയ ചെറിയ ക്ഷേത്രങ്ങൾക്ക് കൊടുത്തുവന്നിരുന്ന ഫണ്ട് ലഭ്യമാകാത്ത ഒരു സ്ഥിതി വന്നതോടുകൂടി ക്ഷേത്രഭരണത്തിൽ പ്രതിസന്ധികളുണ്ടായിരിക്കുകയാണ്. ക്ഷേത്രജീവനക്കാർ നിരവധി പ്രശ്നങ്ങൾ കാരണം പ്രക്ഷോഭത്തിന്റെ പാതയിലാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കുറേ ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയും കെ.പി.സി.സി. പ്രസിഡന്റും തമ്മിലുള്ള തർക്കംതീർത്ത് ദേവസ്വം ബോർഡിൽ ഉടനെ ഇലക്ഷൻ നടത്തുകയും എസ്.സി./എസ്.ടി. വിഭാത്തിൽപ്പെട്ട എം.എൽ.എ.-മാരുടെ പ്രതിനിധികൾക്കുവേണ്ടിയുള്ള തെരഞ്ഞെടുപ്പ് ഉടൻ നടത്തി ക്ഷേത്രഭരണം നടത്താനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം. വലിയ കെടുകാര്യസ്ഥതയാണ് കേരളത്തിൽ വന്നുചേർന്നിട്ടുള്ളത്. അതുകൊണ്ട് അടിയന്തരമായി ഗവൺമെന്റ് ഇടപെടണമെന്ന് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :** സർ, തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് ആക്ടിലെ വ്യവസ്ഥ അനുസരിച്ച്

11.19 AM] ചീഫ് കമ്മീഷണർമാരെ ബോർഡിന്റെ ചുമതല നിർവ്വഹിക്കാൻ സർക്കാർ നിയോഗിച്ചിട്ടുണ്ട്. അതിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്ക് പ്രസിഡന്റിനെയും ഒരു മെമ്പറിനെയും ശബരിമല സീസൺ ആരംഭിക്കുന്നതിനുമുമ്പുതന്നെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യുകയും അവർ ചുമതല ഏൽക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ സഹകരണവകുപ്പ് സെക്രട്ടറി ശ്രീ. വി. എം. ഗോപാല മേനോൻ ചീഫ് കമ്മീഷണറായി തുടരുകയുമാണ്. ഈ ബോർഡുകളിലേക്ക് മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങളെ നോമിനേറ്റ് ചെയ്യേണ്ട നടപടി രണ്ടാഴ്ചയ്ക്കകം പൂർത്തീകരിക്കുന്നതാണ്. 3 ദേവസ്വംബോർഡുകളിലെയും ഹിന്ദു എം.എൽ.എ.മാരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേക്ക് ഓരോ അംഗത്തെ വീതവും മലബാർ ദേവസ്വം ബോർഡിലേക്ക് രണ്ട് അംഗങ്ങളെയുമാണ് ഹിന്ദു എം.എൽ.എ.മാർ തെരഞ്ഞെടുക്കേണ്ടത്. തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കുന്നതിന് റിട്ടേണിംഗ് ഓഫീസറെ നിയോഗിക്കണമെന്ന് അഭ്യർത്ഥിച്ച് മന്ത്രിസഭ ബഹുമാനപ്പെട്ട ഗവർണ്ണറോട് അഭ്യർത്ഥിക്കുകയും 3 റിട്ടയേർഡ് ജില്ലാ ജഡ്ജിമാരുടെ പാനൽ ഗവർണ്ണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിട്ടയേർഡ് ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് ശ്രീ. രാജേന്ദ്രൻനായരെ റിട്ടേണിംഗ് ഓഫീസറായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കഴിവതുംവേഗം മൂന്ന് ദേവസ്വം ബോർഡുകളിലേക്കുമുള്ള എം.എൽ.എ.-മാരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ജസ്റ്റീസ് ശ്രീ. രാജേന്ദ്രൻ നായരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഹിന്ദു എം.എൽ.എ. മാരുടെ ലിസ്റ്റ് തയ്യാറാക്കി തുടർ നടപടികൾ റവന്യൂ വകുപ്പും ആരംഭിച്ചു കഴിഞ്ഞു. ഏതാനും ദിവസങ്ങൾക്കുള്ളിൽ മൂന്ന് ദേവസ്വം ബോർഡുകളും പൂർണ്ണരൂപത്തിൽ പ്രവർത്തനസജ്ജമാകുന്നതാണ്.

## 11. ഹോമിയോ ഡിസ്പെൻസറി

**ശ്രീ. റ്റി. എ. അഹമ്മദ് കബീർ :** സർ, ഏറ്റവും പിന്നോക്കം നിൽക്കുന്ന നിയോജക മണ്ഡലമാണ് എന്റേത്. 7 ചെറിയ ഗ്രാമങ്ങളാണുള്ളത്. നിരവധി പ്രാവശ്യം നിവേദനം സമർപ്പിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഇനി കാലതാമസം ഉണ്ടാകരുതെന്നുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു സബ്മിഷൻ കൊണ്ടുവന്നത്.

11.21 AM] മങ്കട, മക്കരപ്പറമ്പ് എന്നീ രണ്ട് പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കാൻ സത്വരമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ രണ്ട് പഞ്ചായത്തുകളും ഇതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ മുഴുവൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ദയവായി ഇക്കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly